# വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ

മാതമംഗലത്തിന് സമീപം പാണപ്പുഴ വേങ്ങയിൽ തറവാട്ടിൽ കുഞ്ഞാക്കമ്മയുടെയും പെരിഞ്ചെല്ലൂർ പുളിയപ്പടമ്പ് ഹരിദാസൻ സോമയാജിയുടെയും മകനായി 1861 നവംബർ 14 നാണ് വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ എന്ന പ്രതിഭയുടെ പിറവി. 1891 ൽ വിദ്യാവിനോദിനിയിൽ അദ്ദേഹമെഴുതിയ *വാസനാവികൃതിയാണ്* മലയാള സാഹിത്യത്തിലെ ലക്ഷണമൊത്ത ആദ്യ ചെറുകഥയായി കണക്കാക്കുന്നത്. പത്രപ്രവർത്തനം, ഉപന്യാസ രചന, നിരൂപണം തുടങ്ങിയ മേഖലകളിലും അദ്ദേഹം പ്രശസ്തിയാർജ്ജിച്ചു. കേരള സഞ്ചാരി, കേരള പത്രിക എന്നീ പത്രങ്ങളുടെ പത്രാധിപരായി പ്രവർത്തിച്ചു. കേസരി, വജ്രസൂചി, വജ്രബാഹു എന്നീ തൂലികാനാമങ്ങളിൽ അദ്ദേഹം കൃതികൾ രചിച്ചിരുന്നു. കേരളത്തിൽ അക്കാലത്ത് നിലവിലുണ്ടായിരുന്ന സാമൂഹികാസമത്വത്തെ അദ്ദേഹം ശക്തമായി വിമർശിച്ചിരുന്നു. കോയമ്പത്തൂർ കൃഷിവിദ്യാശാലയിലെ അംഗമായും ഇംഗ്ലണ്ടിൽ പഠിക്കുന്ന ഇന്ത്യൻ വിദ്യാർത്ഥികളുടെ ക്ഷേമ പ്രവർത്തനത്തിനുവേണ്ടി രൂപവത്ക്കരിച്ച ഉപദേശകസമിതിയിൽ അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. 1912 ൽ നായനാർ മദിരാശി നിയമസഭയിൽ അംഗമായി. മലബാർ, ദക്ഷിണ കർണ്ണാടകം എന്നീ ജില്ലകളിലെ ജന്മിമാരുടെ പ്രതിനിധിയായിട്ടാണ് നിയമസഭാംഗമായി പോയത്. 1914 നവംബർ 14-ന് നിയമസഭയിൽ പ്രസംഗിച്ചുകൊണ്ടിരിക്കെ അദ്ദേഹം ഹൃദയസ്തംഭനത്താൽ കുഴഞ്ഞുവീണു മരിച്ചു. പാണപ്പുഴയിലെ തറവാടാണ് അന്ത്യവിശ്രമസ്ഥലം

പ്രധാന കൃതികൾ : വാസനാവികൃതി,ദ്വാരക, മേനോക്കിയെ കൊന്നതാരാണ്?, മദിരാശിപ്പിത്തലാട്ടം, പൊട്ടബ്ഭാഗ്യം, കഥയൊന്നുമല്ല.